# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3058 10.03.2017 -ൽ മറുപടിക്ക്

### കുരാച്ചുണ്ട് വില്ലേജ് അതിർത്തി പുനർനിർണ്ണയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിലെ കുരാച്ചുണ്ട് വില്ലേജ് അതിർത്തി പുനർനിർണ്ണയത്തിനുള്ള സർക്കാർ ഉത്തരവ് (ജി.ഒ (എം.എസ്) നമ്പർ 354/12/റവന്യൂ) നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;<br><br>(ബി) ഇല്ലെങ്കിൽ, ഉത്തരവ് നടപ്പിലാക്കുന്നതിൽ എന്താണ് കാലതാമസമെന്ന് അറിയിക്കാമോ;<br><br>(സി) ഉത്തരവ് നടപ്പിലാക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ? | (എ) (ബി) & (സി) കോഴിക്കോട് ജില്ലയിലെ കുരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന മുഴുവൻ പ്രദേശങ്ങളെയും കുരാച്ചുണ്ട് വില്ലേജിന്റെ കീഴിലാക്കി അതിർത്തി പുനർനിർണ്ണയിക്കുന്നത് സംബന്ധിച്ച് ജില്ലാ കളക്ടർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ജി.ഒ(എം.എസ്) നമ്പർ 354/12/റവന്യൂ ഉത്തരവ് നടപ്പിലാക്കിയിട്ടില്ല. പ്രസ്തുത ഉത്തരവ് പ്രകാരം സർവെ നടപടികൾ തുടങ്ങുന്നതിന്റെ ഭാഗമായി റവന്യൂ പഞ്ചായത്ത്, സർവെ വകുപ്പ് ഉദ്യോഗസ്ഥർ സംയുക്തമായി ഫീൽഡ് പരിശോധിച്ചതിൽ കുരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടാത്ത സർവെ നമ്പരുകൾ ടി സർക്കാർ ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ളതായി കണ്ടെത്തിയതിനാൽ മേൽ അപാകത പരിഹരിച്ച് ടി ഉത്തരവ് ഭേദഗതി ചെയ്ത് തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ